(ബി) ഇക്കാലയളവിലുണ്ടായ സംഭവങ്ങളിലെല്ലാം കൂടി 1933 ആർ.എസ്.എസ്.-ബി.ജെ.പി. പ്രവർത്തകരെ പ്രതികളാക്കി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 713 പേരെ ഇനിയും അറസ്റ്റു ചെയ്യാനുണ്ട്. 5 പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

എം.എൽ.എ.യ്ക്ക് എതിരെയുള്ള കേസ്

230 (238) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. കുഞ്ഞമ്മത് മാസ്റ്റർ എം.എൽ.എ. എന്ന പേരിലോ കെ. കുഞ്ഞമ്മത് മാസ്റ്റർ S/o ഇബ്രായി, കുറുങ്ങോട്ട് വീട്, മേഞ്ഞാണ്യം പി.ഒ., പേരാമ്പ്ര എന്ന പേരിലോ ഏതെങ്കിലും പോലീസ് സ്റ്റേഷനിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് സ്റ്റേഷനിലാണ് കേസ് നിലവിലുള്ളതെന്നും എന്തുകുറ്റത്തിന് ഏതെല്ലാം വകുപ്പ് ചേർത്താണ് കേസെടുത്തതെന്നും വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഒരു കേസ് നിലവിലുണ്ട്.

(ബി) വടകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 488/12 u/s 143, 147, 145, 283 r/w 149 IPC & 117(E) of KP Act ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് ബഹുമാനപ്പെട്ട കോടതിയിൽ വിചാരണാവസ്ഥയിലാണ്.

ബാർ ലൈസൻസ് കോഴ

231 (239) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് മന്ത്രിക്കെതിരെ ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് പുറത്തുവന്ന പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ക്വിക് വെരിഫിക്കേഷൻ നടത്തി എഫ്.ഐ.ആർ. ഇടാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(ബി) ഇക്കാര്യത്തിൽ വിജിലൻസ് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ സി.ആർ.പി.സി 164 പ്രകാരമുള്ള ബിജു രമേശിന്റെ മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രിക്കെതിരായ പരാമർശങ്ങൾ, ബാർ ഓണേഴ്സ് അസോസിയേഷൻ യോഗത്തിൽ കൈക്കുലിയുമായി ബന്ധപ്പെട്ട് പുറത്തുവന്ന ബാറുടമകളുടെ സംഭാഷണങ്ങൾ അടങ്ങിയ ശബ്ദരേഖ, ഇതിനകം പുറത്തുവന്ന മറ്റ് സംഗതികൾ ഇവയെല്ലാം ക്വിക് വെരിഫിക്കേഷന്റെ ഭാഗമാക്കാമോ;

(ഡി) മന്ത്രിയ്ക്കെതിരെ നടന്നതായി പറയുന്ന പ്രാഥമിക അന്വേഷണം എത്രത്തോളം കുറ്റമറ്റതായിരുന്നു ; വ്യക്തമാക്കുമോ ;

(ഇ) വിജിലൻസിന്റെ കയ്യിലുണ്ടായിരുന്ന ശബ്ദരേഖയും ബാറുടമകൾ നൽകിയ മൊഴികളും മറ്റും പ്രാഥമികാന്വേഷണത്തിൽ പരിഗണിച്ചിട്ടുണ്ടോ ;

(എഫ്) ബജറ്റ് ചർച്ചയ്ക്ക് ശേഷം ഉദ്യോഗസ്ഥരെ ഒഴിവാക്കി എക്സൈസ് മന്ത്രി ബാറുടമകളുമായി നടത്തിയ ചർച്ചയിൽ 10 കോടി രൂപയുടെ കുറവുവരുത്തിയതായുള്ള ബിജുരമേശിന്റെ മൊഴി പ്രാഥമികാന്വേഷണത്തിന് പരിഗണിച്ചിട്ടുണ്ടോ ;

(ജി) മന്ത്രിയ്ക്കെതിരെ ഇതേവരെ പുറത്തുവന്ന തെളിവുകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ ഉടൻ ക്വിക് വെരിഫിക്കേഷൻ നടത്താൻ നിർദ്ദേശം നൽകാമോ ; ഇക്കാലയളവിൽ മന്ത്രി തൽസ്ഥാനത്തു തുടരുന്നത് സ്വതന്ത്രമായ അന്വേഷണത്തിന് എത്രത്തോളം വിഘാതമാവുന്നുണ്ട് ; വ്യക്തമാക്കുമോ ;

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പ്രാഥമിക അന്വേഷണം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നടത്തിയിട്ടുണ്ട്. പരിശോധനയിൽ ലഭ്യമായ എല്ലാ ആരോപണങ്ങളും അന്വേഷണ വിധേയമാക്കിയിട്ടുണ്ട്. കേസ് എടുക്കാനുള്ള മെറ്റീരിയൽസ് ഇല്ലാത്തതിനാൽ പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥന്റെ കേസ് എടുക്കേണ്ടതില്ല എന്ന ശിപാർശ വിജിലൻസ് ഡയറക്ടർ അംഗീകരിക്കുകയുണ്ടായി. തുടർ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു.

(സി) ബാർ ലൈസൻസ് കോഴയുമായി ബന്ധപ്പെട്ട് ശ്രീ. ബിജു രമേശ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ Cr. Pc. 164 മൊഴിയിൽ എക്സൈസ് വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ ഉണ്ടായ പരാമർശത്തിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഒരു പ്രാഥമിക അന്വേഷണം നടത്തുകയും ശബ്ദരേഖ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടെ ബന്ധപ്പെട്ടരേഖകൾ പരിശോധിക്കുകയും ബന്ധപ്പെട്ടവരെ ചോദ്യം ചെയ്യുകയും ചെയ്തു. എന്നാൽ പ്രസ്തുത അന്വേഷണത്തിൽ കേസ് എടുക്കേണ്ടതായ മെറ്റീരിയൽസ് ഇല്ലാത്തതിനാൽ തുടർനടപടികൾ ആവശ്യമില്ലെന്ന തീരുമാനത്തിൽ എത്തിയിരിക്കുകയാണ്. Preliminary Enquiry-യുടെ ഭാഗമായി നിയമപരമായി എടുക്കേണ്ട എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ഡി) സത്യസന്ധമായും നീതിയുക്തമായുമാണ് പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) പരിഗണിച്ചിട്ടുണ്ട്.

(ജി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Lalithakumari Vs. State of Uttarpradesh-യിൽ നിർദ്ദേശിച്ചതുപോലെ പ്രാഥമിക അന്വേഷണം നടത്തിയതിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള മെറ്റീരിയൽസ് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ പിന്നെയും ഒരു സത്വരാന്വേഷണത്തിന്റെ പ്രസക്തിയില്ല.

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ

232 (240) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് നേരെ നടന്ന അതിക്രമങ്ങൾ സംബന്ധിച്ച് എത്രപരാതികൾ ലഭിച്ചു; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേരെ അറസ്റ്റുചെയ്തു; എസ്.സി, എസ്.ടി, വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ കാലയളവിൽ എസ്.സി./എസ്.ടി. വിഭാഗങ്ങളിൽപെട്ട എത്ര പേർ കൊല്ലപ്പെടുകയുണ്ടായി ; എസ്.സി, എസ്.ടി വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഈ കാലയളവിൽ എസ്.സി/എസ്.ടി വിഭാഗങ്ങളിൽപെട്ട എത്ര പേർ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെടുകയുണ്ടായി ; വർഷം, ജില്ല, പോലീസ് സ്റ്റേഷന്റെ പേര്, കൊല്ലപ്പെട്ടയാളിന്റെ പേര് എന്നിവ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly